"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് & കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: E3-31118/2021/PrHQ ; തീയതി : 04-12-2021

പതിനൊന്നാം ശമ്പള പരിഷ്കരണത്തെത്തുടർന്ന്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ SLI പോളിസിയുടെ പ്രതിമാസ പ്രീമിയം തുക, പ്രതിമാസ വരുമാനത്തിനനുസരിച്ച് പുതുക്കി നിശ്ചയിച്ചുകൊണ്ടുള്ള *" 30/11/2021 തീയതിയിലെ സ.ഉ.(അ) നം.159/2021/ധന എന്ന സർക്കാർ ഉത്തരവ്* " അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. പുതുക്കിയ നിരക്ക് 01/02/2022 മുതൽ (2022 ജനുവരി മാസത്തെ ശമ്പളം) പ്രാബല്യത്തിലാകുന്നതാണ്. 01/01/2022 ന് 50 വയസ്സ് പൂർത്തിയാകുന്ന ജീവനക്കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമല്ല.

സർക്കാർ ഉത്തരവ് പ്രകാരം എല്ലാ DDO മാരും സമയബന്ധിതമായി അധിക പോളിസി എടുപ്പിക്കുന്നതിനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതും, പോളിസി വിവരങ്ങൾ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യത്തിൽ ഓഡിറ്റ് പരാമർശം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ് എന്നുമറിയിക്കുന്നു.

ശ്രീകുമാർ വി
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ് : **എല്ലാ ജയിൽസ്ഥാപനമേധാവികൾക്കും.**

പകർപ്പ് : അക്കൌണ്ട്സ് ഓഫീസർ (DDO (HQs)

കേരള സർക്കാർ

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് -സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക- പ്രതിമാസ വരുമാനത്തിനനുസരിച്ച് - പുതുക്കി നിശ്ചയിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ് -ഡി) വകുപ്പ്**

**സ.ഉ.(അ) നം.159/2021/ധന** **തിരുവനന്തപുരം, തീയതി: 30/11/2021**

പരാമർശം - 1) സ.ഉ.(പി) നം. 840/88/ധന, തീയതി 16/11/1988.

2) സ.ഉ.(പി) നം. 1267/99/ധന, തീയതി 05/04/1999.

3) സ.ഉ.(പി).നം. 27/2021/ധന, തീയതി: 10/02/2021

4) സംസ്ഥാന ഇൻഷുറൻസ് ഡയറക്ടറുടെ 10/08/2021 തീയതിയിലെ ഇൻഷ്വ/ ഡി.വി.3/ടി 002103253-നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടെയും അദ്ധ്യാപകരുടെയും ശമ്പളവും ആനുകൂല്യങ്ങളും പരാമർശം (3) പ്രകാരം പരിഷ്കരിക്കുകയുണ്ടായി. പ്രസ്തുത ശമ്പള പരിഷ്കരണത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കി നിശ്ചയിക്കണമെന്ന് പരാമർശം (4) പ്രകാരം ഇൻഷുറൻസ് ഡയറക്ടർ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെ സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് പദ്ധതി ബാധകമായ എല്ലാ ജീവനക്കാരുടെയും അടിസ്ഥാനശമ്പളം, ക്ഷാമബത്ത, പേഴ്സണൽ പേ, ഗ്രേഡ് പേ (എല്ലാവിധ ഗ്രേഡ് പേകളും) എന്നിവയുടെ ആകെ തുകയായ പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനം (1.5%) കണക്കാക്കി 100-ന്റെ ഗുണിതമായി മുകളിലേയ്ക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തി (അനുബന്ധം കാണുക) എസ്.എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കി നിശ്ചയിച്ചുകൊണ്ടും ഇതുമായി ബന്ധപ്പെട്ട സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ് ചട്ടം 4(1) -ൽ ഭേദഗതി വരുത്തിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പുതുക്കിയ നിരക്ക് 01/02/2022 മുതൽ (2022 ജനുവരി മാസത്തെ ശമ്പളം) പ്രാബല്യത്തിലാകുന്നതാണ്. അഡീഷണൽ എസ്.എൽ.ഐ പോളിസിയുടെ എറ്റവും കുറഞ്ഞ പ്രതിമാസ പ്രീമിയം തുക 100 രൂപയായി തുടരുന്നതാണ്. നിലവിലുള്ള എസ്.എൽ.ഐ പോളിസികളുടെ പ്രീമിയം തുക പ്രതിമാസവരുമാനത്തിന്റെ 1.5 % കണക്കാക്കി നിജപ്പെടുത്തിയ തുകയെക്കാൾ കുറവുള്ള പക്ഷം പ്രസ്തുത ജീവനക്കാർ അഡീഷണൽ പോളിസി എടുക്കേണ്ടതാണ്. ഇക്കാര്യം എല്ലാ ഡ്രോയിംഗ് &

ഡിസ്ബേഴ്സിംഗ് ഓഫീസർമാരും ഉറപ്പ് വരുത്തേണ്ടതാണ്. 01/01/2022-ന് 50 വയസ് പൂർത്തിയാകുന്ന ജീവനക്കാർക്ക് പരാമർശം (2) പ്രകാരം ഈ ഉത്തരവ് ബാധകമല്ല.

( ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സഞ്ജയ് എം കൗൾ**

**സെക്രട്ടറി ധനകാര്യ(വ്യയം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് II) കേരള, തിരുവനന്തപുരം
എല്ലാ വകുപ്പ് തലവൻമാർക്കും ,ഓഫീസർമാർക്കും
എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാക്കും
എല്ലാ സഹകരണ സ്ഥാപനങ്ങളുടെ തലവൻമാക്കും
എല്ലാ സ്വയംഭരണ സ്ഥാപനങ്ങളുടെയും മറ്റ് അർദ്ധസർക്കാർ സ്ഥാപനങ്ങളുടെയും തലവൻമാക്കും
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും സെക്ഷനുകൾക്കും
വ്യവസായ വകുപ്പ് (അവരുടെ അധികാര പരിധിയിൽ വരുന്ന അർദ്ധ സർക്കാർ,പൊതുമേഖലാ സ്ഥാപനങ്ങൾ,എന്നിവിടങ്ങളിൽ ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)
ഇൻഷ്വറൻസ് ഡയറക്ടർ, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ, തിരുവനന്തപുരം (With CL)
രജിസ്ട്രാർ, ബഹു.കേരള ഹൈക്കോടതി, എറണാകുളം (With CL)
എല്ലാ സർവ്വകലാശാലകളുടെയും രജിസ്ട്രാർമാർക്ക് (With CL)
രജിസ്ട്രാർ,കേരള ലോകായുക്ത,തിരുവനന്തപുരം
രജിസ്ട്രാർ,കേരള കേരളകാർഷിക സർവ്വകലാശാല,മണ്ണുത്തി,തൃശ്ശൂർ (With CL)
രജിസ്ട്രാർ, സഹകരണ സംഘം സൊസൈറ്റികൾ,തിരുവനന്തപുരം (എല്ല സഹകരണ സ്ഥാപനങ്ങളും ഈ ഉത്തരവ് സംബന്ധിച്ച് വ്യാപക പ്രചരണം നൽകുവാൻ അഭ്യർത്ഥിക്കുന്നു.)
സെക്രട്ടറി ,ഓംബുഡ്സ്മാൻ,തദ്ദേശ സ്വയംഭരണ വകുപ്പ് ,തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ ,കേരളം ,എറണാകുളം, (With CL)
സർക്കാരിന്റെ എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ/സെക്രട്ടറിമാർ/സ്പെഷ്യൽ സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ/അണ്ടർ സെക്രട്ടറിമാർ എന്നിവർക്കും
നിയമസഭാ സ്പീക്കറുടെയും ,ഡെപ്യൂട്ടി സ്പീക്കറുടെയും പ്രൈവറ്റ് സെക്രട്ടറിമാർ,
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി
സെക്രട്ടറി,മനുഷ്യാവകാശ കമ്മിഷൻ,തിരുവനന്തപുരം
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ,കേരളം,തിരുവനന്തപുരം
സംസ്ഥാന മുഖ്യ വിവരാവകാശ കമ്മീഷണർ,തിരുവനന്തപുരം
സ്പാർക്ക്,ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ (ഫയൽ നം.എസ്റ്റാ-ഡി2/96/2021/ധന,ഇ 1853922)
ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**അനുബന്ധം**

(സ.ഉ(അ).നം. 159/2021/ധന ,തീയതി. 30/11/2021)

**സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി ബാധകമായ ജീവനക്കാരുടെ എസ് .എൽ.ഐ പോളിസികളുടെ പ്രതിമാസ പ്രീമിയം തുക പുതുക്കി നിശ്ചയിക്കുന്ന വിധം**

| Illustration-I | |
|---|---|
| അടിസ്ഥാനശമ്പളം | ₹ 25,100 (Revised Scale) |
| ഗ്രേഡ് പേ (എല്ലാവിധ ഗ്രേഡ് പേകളും) | 0 |
| പേഴ്സണൽ പേ | 0 |
| ക്ഷാമബത്ത (നിലവിൽ 7%) | ₹ 1,757 |
| ആകെ പ്രതിമാസ വരുമാനം | ₹ 26,857 |
| പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനം കണക്കാക്കുക | ₹ 26,857 x 0.015= ₹ 402.855 |
| എസ്.എൽ.ഐ പോളിസി പ്രീമിയം തുക | ₹ 500 (Rounded to the next multiple of 100) |

| Illustration-II | |
|---|---|
| അടിസ്ഥാനശമ്പളം | ₹ 31,100 (Revised Scale) |
| ഗ്രേഡ് പേ (എല്ലാവിധ ഗ്രേഡ് പേകളും) | 0 |
| പേഴ്സണൽ പേ | 0 |
| ക്ഷാമബത്ത (നിലവിൽ 7%) | ₹ 2,177 |
| ആകെ പ്രതിമാസ വരുമാനം | ₹ 33,277 |
| പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനം കണക്കാക്കുക | ₹ 33,277 x 0.015=₹ 499.155 |
| എസ്.എൽ.ഐ പോളിസി പ്രീമിയം തുക | ₹ 500 (Rounded to the next multiple of 100) |

| Illustration- III | |
|---|---|
| അടിസ്ഥാനശമ്പളം | ₹ 57,900+ ₹ 7,000 (സ്റ്റാഗ്നേഷൻ ഇൻക്രിമെന്റ്)<br>(₹ 64,900) |
| ഗ്രേഡ് പേ (എല്ലാവിധ ഗ്രേഡ് പേകളും) | 0 |
| പേഴ്സണൽ പേ | ₹1,100 |
| ക്ഷാമബത്ത (നിലവിൽ 7%) | ₹ 4,620 |
| ആകെ പ്രതിമാസ വരുമാനം | ₹ 70,620 |
| പ്രതിമാസ വരുമാനത്തിന്റെ 1.5 ശതമാനം കണക്കാക്കുക | ₹ 70,620 x 0.015 = ₹ 1,059.30 |
| എസ്.എൽ.ഐ പോളിസി പ്രീമിയം തുക | ₹ 1,100 (Rounded to the next multiple of 100) |

*നിലവിൽ SLI പോളിസി/ പോളിസികളുടെ ആകെ പ്രീമിയം തുക, പ്രതിമാസ വരുമാനത്തിന്റെ 1.5% കണക്കാക്കി 100-ന്റെ ഗുണിതമായി മുകളിലേയ്ക്ക് റൗണ്ട് ചെയ്ത് നിജപ്പെടുത്തിയ തുകയെക്കാൾ കുറവുള്ള പക്ഷം, ബാക്കി തുകയ്ക്കുള്ള അഡീഷണൽ പോളിസി എടുക്കേണ്ടതാണ്.